# പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുന്നു ശമ്പളപരിഷ്കരണം അഞ്ചുവർഷത്തിലൊരിക്കൽ ഒറ്റുകാർ വഴിമാറുക

സുഹൃത്തുക്കളെ,

സംസ്ഥാന ജീവനക്കാരുടെ പേടിസ്വപ്നമായ ഉമ്മൻചാണ്ടി സർക്കാരിന്റെ സംഭാവനയായ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്നും അഞ്ചുകൊല്ല തത്വം ഉറപ്പാക്കി ശമ്പളപരിഷ്കരണം നടപ്പാക്കുമെന്നുമുള്ള എൽ.ഡി.എഫിന്റെ ധീരമായ പ്രഖ്യാപനത്തോടെ കാറ്റുപോയ ബലൂൺ കണക്കായ പോഷകർ ഉണ്ടയില്ലാ വെടിയുമായി ഇറങ്ങിയിരിക്കുന്നു! 'വളരട്ടെ കേരളം തുടരട്ടെ കോഴ' എന്ന പേരിൽ പോഷകർ പടച്ചുവിട്ടിരിക്കുന്ന വാറോലയിലെ ഉദ്ധരണങ്ങളെല്ലാം പഴകിത്തേഞ്ഞ പതിവ് പല്ലവികളാണ്. കേരളത്തിന്റെ 'സമസ്ത' മേഖലകളിലും 'സമഗ്ര' പുരോഗതി കൈവരിച്ച ഉമ്മൻചാണ്ടി സർക്കാരിന്റെ തുടർച്ചയുണ്ടാവുമെന്ന് പറഞ്ഞ് അവശേഷിക്കുന്ന അണികളെയെങ്കിലും പിടിച്ചുനിർത്താനായി പെടാപ്പാട് പെടുന്ന പോഷകരുടെ ശ്രമം സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് അരോചകമായിരിക്കുകയാണ്. കേരളമെമ്പാടും വീശിയടിക്കുന്ന അഴിമതി ഭരണവിരുദ്ധ വികാരം ഒരു തരംഗമായി പടരുന്നതിന്റെ സൂചനകളെല്ലാം പ്രകടമായിരിക്കെ പോഷകരുടെ സമനില നഷ്ടപ്പെടുന്നത് സ്വാഭാവികം. അധികാരനഷ്ടം ഒരു യാഥാർത്ഥ്യമായ സാഹചര്യത്തിൽ നഷ്ടപ്പെട്ട സമനില വീണ്ടെടുക്കാൻ സാധാരണഗതിയിലുള്ള 'നെല്ലിക്കാത്തള' ചികിത്സപോലും മതിയാവാത്ത നിലയാണ്!

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയെ മുൻനിറുത്തിയാണ് ഇക്കുറി പോഷകർ രംഗപ്രവേശം ചെയ്തിരിക്കുന്നത്. പെൻഷൻ സമരത്തെ ഒറ്റുകൊടുത്ത ഇക്കൂട്ടരുടെ പുലമ്പൽ സഹതാപമുണർത്തുന്നതാണ്. പതിവ് പുലഭ്യം പറച്ചിലിന്റെ അകമ്പടിയോടെ പോഷകർ വിളിച്ചുകൂവുന്ന വാദങ്ങൾ യുക്തിസഹമായി അവതരിപ്പിക്കാൻ പോലും ഇക്കൂട്ടർക്കായിട്ടില്ല. "സെക്രട്ടേറിയറ്റ് തലത്തിൽ കേന്ദ്രസർക്കാരിനെപോലെ ഡയറക്ട്രേറ്റ് രീതിയിൽ വികേന്ദ്രീകൃതവും ഫലപ്രദവുമായ സംവിധാനം കൊണ്ടുവരും. **ഇതിന്റെ ഭാഗമായി ജീവനക്കാർക്ക് എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ അവ പരിഹരിക്കും"** എന്ന എൽ.ഡി.എഫ് നിലപാടിന്റെ പേരിലാണ് പോഷകർ പുകമറ സൃഷ്ടിക്കാനൊരുമ്പെടുന്നത്. കൂട്ടത്തിൽ പക്ഷെ 'സെക്രട്ടേറിയറ്റടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവീസ് കേഡർ രൂപീകരിക്കും. **അതിനായി എല്ലാ സർവീസ് സംഘടനകളുമായും ചർച്ച ചെയ്ത് ഒരു പൊതുധാരണ ഉണ്ടാക്കും.'** എന്ന വാഗ്ദാനം പോഷകർ സൗകര്യപൂർവ്വം വിട്ടുകളഞ്ഞിരിക്കുന്നു. ഉമ്മൻചാണ്ടി സർക്കാരിന്റെ ആസൂത്രിത ഗൂഢാലോചനയുടെ ഭാഗമായി അത് നമുക്കിടയിൽ ഏകപക്ഷീയമായി അടിച്ചേൽപ്പിച്ചതിനെ തുടർന്ന് മരവിപ്പിക്കാൻ നിർബന്ധിതമായ സാഹചര്യം പോഷകർ ഓർക്കാനിഷ്ടപ്പെടുന്നുണ്ടാവില്ല. ഇത്തരം വിഷയങ്ങൾ നടപ്പാക്കുന്നത് ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ടു മാത്രമേയുണ്ടാവുകയുള്ളുവെന്ന എൽ.ഡി.എഫ് നിലപാടും തീർത്തും ഏകപക്ഷീയമായും സ്വേച്ഛാപരമായും ജീവനക്കാരുടെ അവകാശാനുകൂല്യങ്ങൾ കവർന്നെടുക്കുന്ന യു.ഡി.എഫ് സമീപനവും നന്നായി തിരിച്ചറിയുന്നവരാണ് പ്രബുദ്ധരായ സെക്രട്ടേറിയറ്റ് ജീവനക്കാർ.

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ അവകാശാനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനായും അത് കവർന്നെടുക്കുന്ന ശക്തികൾക്കെതിരെ യുദ്ധമുഖം തുറക്കുന്നതിനായും കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷന് പോഷകരുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. സംസ്ഥാനത്തെ ജീവനക്കാരുടെ, വിശിഷ്യാ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്ത യു.ഡി.എഫ് സർക്കാരുകളുടെ ഹീനചെയ്തികൾക്കെതിരെ സമാനതകളില്ലാത്ത പോരാട്ടം നയിച്ച സംഘടനയാണ് സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ. സറണ്ടർ സമരം, 32 ദിനസമരം, പെൻഷൻ സംരക്ഷണ സമരം മുതലായ ഐതിഹാസിക സമരപഥങ്ങളിൽ ഈ സംഘടന വഹിച്ച പങ്ക് പോഷകനേതാക്കൾ എത്ര മൂടിവക്കാൻ ശ്രമിച്ചാലും കഴിയുന്നതുമല്ല. ഇക്കഴിഞ്ഞ നാളുകളിൽ സെക്രട്ടേറിയറ്റ് സമൂഹത്തിനു നേരെയുണ്ടായ സംഘടിത മാധ്യമവേട്ടയ്ക്കെതിരെയും അസോസിയേഷൻ നടത്തിയ ചെറുത്തുനിൽപ്പ് ഓർമ്മയിലുള്ളവരാണ് ജീവനക്കാർ. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസായാലും പുതിയ ഡയറക്ട്രേറ്റ് സങ്കൽപമായാലും സംഘടനയുടെ പ്രഖ്യാപിത നിലപാടിലൂന്നി സെക്രട്ടേറിയറ്റ് ജീവനക്കാരുടെ താൽപര്യം സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ് കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ. KAS വേണ്ടതില്ലെന്നും സെക്രട്ടേറിയറ്റ് സംവിധാനത്തിന്റെ അടിസ്ഥാന ഘടനയ്ക്ക് കോട്ടമുണ്ടാക്കുന്ന യാതൊരു പരിഷ്കരണവും ആവശ്യമില്ലെന്നുമുള്ള അസോസിയേഷൻ നിലപാട് ആവർത്തിച്ചുറപ്പിക്കാനും അത് നേടിയെടുക്കാൻ വേണ്ടി ഏതറ്റം വരെ പോകാനും അസോസിയേഷൻ ഉണ്ടാവുമെന്നും ജീവനക്കാർക്കറിവുള്ളതാണ്. പക്ഷെ, എൽ.ഡി.എഫ് ഭരണസംവിധാനത്തിൽ ജീവക്കാർക്കതൊന്നും

വേണ്ടി വരില്ലെന്നതാണ് വാസ്തവം. ഭരണപരിഷ്കാര നടപടികളുടെ ഭാഗമായി സെക്രട്ടേറിയറ്റ് ഭരണസംവിധാനം കൂടുതൽ ശക്തിപ്പെട്ടതും പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിലവിൽ വന്നതും മറ്റും സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ഓർമ്മയിലുള്ള കാര്യമാണ്. തുറന്ന ചർച്ചയ്ക്കുള്ള സാധ്യതയിലൂടെ ഏത് വെല്ലുവിളിയും നമുക്ക് അതിജീവിക്കാമെന്നിരിക്കെ പോഷകരുടെ നുണപ്രചരണങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയണമെന്ന് മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു.

"കണ്ണിലെ കൃഷ്ണമണി പോലെ സെക്രട്ടേറിയറ്റിനെ പരിലാളിച്ച മുഖ്യമന്ത്രിയെപ്പറ്റി"യുള്ള പോഷകരുടെ ഓരിയിടൽ കേട്ട് തലയറഞ്ഞ് ചിരിക്കുകയാണ് സെക്രട്ടേറിയറ്റ് ജീവനക്കാർ. "മർമ്മപ്രധാന മസ്തിഷ്കമായ" സെക്രട്ടേറിയറ്റിനെ പൊതുജനമധ്യത്തിൽ വിലയിടിച്ച തസ്കരഭരണത്തെയും അതിന്റെ തലവനെയും കുറിച്ച് പുളകം കൊള്ളുന്ന പോഷകർ താഴെപ്പറയുന്നവയ്ക്ക് മറുപടി നൽകുമോ? കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അനുവദിച്ച സ്പെഷ്യൽ സെക്രട്ടറി തസ്തികകളിൽ ഒന്നെങ്കിലും കൂടുതലാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെട്ടിട്ട് പോലും താഴ്ന്നവിഭാഗം തസ്തികകളിലെ അനോമലി പരിഹാരം എവിടെ? സ്പെഷ്യൽ പേ എവിടെപ്പോയൊളിച്ചു? ശമ്പളകമ്മീഷൻ ശുപാർശ ചെയ്ത സ്കെയിലുകൾ പോലും വെട്ടിക്കുറച്ചതുവഴി ഓരോ സെക്രട്ടേറിയറ്റ് ജീവനക്കാരനും പ്രതിമാസം നഷ്ടപ്പെടുന്ന തുകയെത്ര? പുതുക്കിയ ഡി.എ ഫോർമുലയുടെ ചതിക്കുഴി വഴി ഓരോ ജീവനക്കാരനും വരുന്ന നഷ്ടമെത്ര? കഴിഞ്ഞ ഉമ്മൻചാണ്ടി ഭരണം കവർന്നെടുത്ത തസ്തികമാറ്റ നിയമനം പുനഃസ്ഥാപിച്ചതാര്? നിസ്സാരമായ ബാലിശ കാരണങ്ങൾ പറഞ്ഞ് തസ്തികമാറ്റ നിയമനങ്ങൾക്ക് ഇപ്പോൾ മോറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്നതാര്? 2002 ലെ ചരിത്രപ്രധാനമായ 32 ദിന പണിമുടക്കിനാധാരമായ കുപ്രസിദ്ധമായ 'കറുത്ത ഉത്തരവ്' പുറപ്പെടുവിച്ചതാര്? സറണ്ടർ, ക്ഷാമബത്ത, ഭവന - വാഹന വായ്പകൾ കവർന്നെടുത്തതാര്? പുനഃസ്ഥാപിച്ചതാര്? സെക്രട്ടേറിയറ്റിലെ വനിതാ ജീവനക്കാരെ കേട്ടാലറയ്ക്കുന്ന ഭാഷയിൽ അപമാനിച്ചതാര്? ചരിത്രത്തിലാദ്യമായി സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ ഓഫീസ് എങ്ങനെ ഒരു കുപ്രസിദ്ധ അപവാദ കഥയിലെ പ്രഭവകേന്ദ്രമായി? ജോപ്പൻ, ജിക്കുമോൻ, സലിംരാജ്, മേത്തർ തുടങ്ങിയ ഫ്രോഡുകളുടെ വിഹാര കേന്ദ്രമായി സെക്രട്ടേറിയറ്റിനെ മാറ്റിയതാര്? ചരിത്രത്തിലാദ്യമായി ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ അന്വേഷണ പരിധിയിൽ എങ്ങനെ മന്ത്രിമുഖ്യനും പരിവാരങ്ങളും വന്നുപെട്ടു? പോഷകനേതാക്കൾ കൂടിയായ പേഴ്സണൽ സ്റ്റാഫ് 'ശിങ്കങ്ങൾ'ക്ക് പോലും ജുഡീഷ്യൽ കമ്മീഷന്റെ വരാന്തയിൽ നിന്ന് മാറാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചതാര്? എണ്ണമറ്റ പുനർ, പിൻവാതിൽ നിയമനങ്ങൾ കൊണ്ട് സെക്രട്ടേറിയറ്റിനെ മാനംകെടുത്തിയതാര്? കടുത്ത നിയമവിരുദ്ധ ചട്ടവിരുദ്ധ തീരുമാനങ്ങൾ കൊണ്ട് സെക്രട്ടേറിയറ്റ് ഭരണസംവിധാനത്തെ നോക്കുകുത്തിയാക്കിയതാര്? സെക്രട്ടേറിയറ്റ് സർവീസ് അടിമുടി അരാജകവൽക്കരിച്ചതാര്?

സമനില തെറ്റിയ മട്ടിലുള്ള വാറോലയിലെ പരാമർശങ്ങളെല്ലാം പോഷകരുടെ 'പതിവു നിലവാര'ത്തിനു യോജിച്ച രീതിയിൽ തന്നെയാണ്. കേരളം കണ്ട ഏറ്റവും പ്രഗത്ഭനായ ഒരു മന്ത്രിയുടെ നാമധേയത്തെക്കുറിച്ചുള്ള പോഷകരുടെ പരിഹാസവും അസ്സലായി! ഗുണ്ടാനേതാവ് കൂടിയായ സ്വന്തം നേതാവിന്റെ പേരും പോഷകർ ഇങ്ങനെയാവുമോ ഉച്ചരിക്കുന്നതെന്നറിയാൻ ജീവനക്കാർക്ക് താൽപര്യമുണ്ട്. ഒരു കാര്യം വ്യക്തമാണ്. അഞ്ചുകൊല്ലത്തെ ഉമ്മൻചാണ്ടി ഭരണം കഴിഞ്ഞപ്പോഴേക്കും യജമാനൻമാരെപ്പോലെ പോഷക നേതാക്കളും ഇപ്പോൾ 'മോഡേണും യൂറോപ്യൻ ശൈലി'യിലും ആയിട്ടുണ്ട്. പോഷകനേതാക്കൾ ഇപ്പോൾ ശൗചാലയത്തിൽ കടലാസ്സാണ് ഉപയോഗിക്കുന്നതെന്ന് വാറോല കണ്ടപ്പോഴാണ് ജീവനക്കാർക്ക് മനസ്സിലായത്! സ്വന്തം സംഘടനാ സമ്മേളനത്തെക്കുറിച്ചുള്ള പോഷകരുടെ അവകാശവാദവും അസ്സലായി. സമ്മേളനവേദി പൂട്ടിയിട്ട് സ്വന്തം സംഘടനാംഗങ്ങളെ പൊരിവെയിലത്ത് നിറുത്തി "മാധ്യമശ്രദ്ധ" നേടിയെടുത്ത സമ്മേളനം ചീറ്റിപ്പോയതിനെക്കുറിച്ച് ഞങ്ങളുടെ നേർക്ക് മെക്കിട്ട് കേറേണ്ടതില്ല. പുതിയ ജീവനക്കാരെയെല്ലാം വിരട്ടി അണിനിരത്തിയിട്ടു പോലും ശക്തി പ്രകടനം ശുഷ്കമായതിനെത്തുടർന്ന് കലശലായ തമ്മിലടിയും ജീവനക്കാർക്കറിവുള്ളതാണ്.

കേരളം ഒരു ചരിത്രനിയോഗത്തിന്റെ പടിവാതിൽക്കലാണ്. നഷ്ടപ്പെട്ടുപോയ വികസനവസന്തം തിരിച്ചുപിടിക്കുന്നതിനും നാടിന്റെ ആത്മാഭിമാനം വീണ്ടെടുക്കുന്നതിനും കേരളസമൂഹം ഒന്നിച്ചൊന്നായി അണിനിരക്കുകയാണ്. മതനിരപേക്ഷമായ അഴിമതിരഹിത വികസനകേരളം കെട്ടിപ്പടുക്കുന്നതിനായുള്ള പോരാട്ടത്തിൽ ശകുനം മുടക്കികളായി കടന്നുവരുന്ന പിന്തിരിപ്പൻ ശക്തികളുടെ തനിനിറം തിരിച്ചറിയേണ്ടതായിട്ടുണ്ട്. പെൻഷൻ സമരത്തെ ഒറ്റുകൊടുത്ത് ഉമ്മൻചാണ്ടി സർക്കാരിന് ദാസ്യപ്പണി ചെയ്ത സംഘടനാവൈകൃതങ്ങളെ ഒറ്റപ്പെടുത്തി ബദൽ വികസന കാഴ്ചപ്പാട് പുലർത്തുന്ന പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തണമെന്ന് മുഴുവൻ ജീവനക്കാരോടും കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ ആഹ്വാനം ചെയ്യുന്നു.

അഭിവാദനങ്ങളോടെ

തിരുവനന്തപുരം
28.04.2016

**എം.എസ്. ബിജുക്കുട്ടൻ**
ജനറൽ സെക്രട്ടറി
visit: www.ksea.in

**കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ**

തിരുവാതിര 9946446848